# ജി വി എച്ച് എസ് എസ് പഴഞ്ഞി

## സ്വാതന്ത്ര്യത്തിൻെറ അമൃത മഹോത്സവം

**ഭാരതം സ്വാതന്ത്ര്യത്തിൻെറ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുകയാണ്. നമുക്ക സ്വാതന്ത്ര്യം നേടിത്തരാൻ ജീവൻ ബലിയർപ്പിച്ച സ്വാതന്ത്ര്യസമര സേനാനികളെയും നമ്മുടെ രാജ്യത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ ജീവൻ ബലി കഴിപ്പിച്ച ധീരജവാന്മാരെയും ഈ ദിവസംസ്മരിക്കുകയും ആദരിക്കുകയുംചെയ്യുന്നു.**



## സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചുള്ള പരിപാടികൾ

- **ഓഗസ്റ്റ് 10 – സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ്**

**സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് എന്ന പരിപാടി ഓഗസ്റ്റ് 10 ന് സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ടീച്ചർ വിഎച്ച്എസ്ഇ പ്രിൻസിപ്പാൾ ശ്രീമതി ശാലിൻ ചന്ദ്ര സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഉഷ ടീച്ചർ കുട്ടികൾ അധ്യാപകർ എന്നിവരുടെ പങ്കാളിത്തത്തോടെ പിടിഎ എക്സിക്യൂട്ടീവ് മെമ്പർ ശ്രീ ഷാജി മനന്ദൻ ഉദ്ഘാടനം കയ്യൊപ്പ് ചാർത്തി ചെയ്തു. പ്രിൻസിപ്പാൾ ഹെഡ്മിസ്ട്രസ് കുട്ടികൾ അധ്യാപകർ എന്നിവരും കയ്യൊപ്പ് ചാർത്തി.**

- **ആഗസ്റ്റ് 11 – ഗാന്ധിമരം നടൽ**

**സ്കൂളിൽ 10 30 ന് ഗാന്ധി മരം നടൽ എന്ന പരിപാടി പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി രേഷ്മ ടീച്ചർ ഫലവൃക്ഷം നട്ട് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഉഷ ടീച്ചർ പിടിഎ പ്രസിഡൻറ് ശ്രീരഘുനാഥ് പിടിഎ എക്സിക്യൂട്ടീവ് മെമ്പർ ശ്രീ ഷാജിമനന്ദൻ കുട്ടികൾ അധ്യാപകർ എന്നിവർ സന്നിഹിതരായിരുന്നു.**



- ## ആഗസ്റ്റ് 11- സൈക്കിൾ റാലി

സ്കൂൾ എസ് പി സി യുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 11ന് വൈകീട്ട് മൂന്നുമണിക്ക് എസ് പി സി മെമ്പേഴ്സ്, കുട്ടികൾ, അധ്യാപകർ എന്നിവർ സൈക്കിൾ റാലിയിൽ പങ്കെടുത്തു.  വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ ബബിത ഫിലോ  പരിപാടി ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡൻറ് ശ്രീ രഘുനാഥ്, എച്ച് എം  ശ്രീമതി ഉഷ ടീച്ചർ, അധ്യാപകർ,വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.



- ## ആഗസ്റ്റ് 12 ന് ഭരണഘടനയുടെ ആമുഖവായന

ആഗസ്റ്റ് 12 രാവിലെ വിദ്യാർത്ഥികളും അധ്യാപക അനധ്യാപകജീവനക്കാരും ഭരണഘടനയുടെ ആമുഖം വായിച്ചു

- ## ആഗസ്ററ്15 സ്വാതന്ത്ര്യദിനം



ആഗസ്ററ്15 തിങ്കളാഴ്ച രാവിലെ 9 മണിക്ക് സ്കൂൾ എച്ച് എം ഉഷ ടീച്ചർ, പ്രിൻസിപ്പൽമാരായ വൃന്ദ ടീച്ചർ, ശാലിൻ ചന്ദ്ര ടീച്ചർ, പിടിഎ പ്രസിഡണ്ട് ശ്രീ രഘുനാഥ് ,അധ്യാപകർ വിദ്യാർത്ഥികൾ എന്നിവരുടെ സാന്നിധ്യത്തിൽ സ്കൂൾ അങ്കണത്തിൽ വച്ച് പതാക ഉയർത്തൽ നടന്നു.അതിനുശേഷം വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ നടന്നു.





വര ഭഗത്ത് ഹരി